## അദ്ധ്യയന ദിവസങ്ങൾ

3 (6968) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ അഞ്ചാക്കി ഉത്തരവായിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ആഴ്ചയിൽ അദ്ധ്യയന ദിവസങ്ങൾ അഞ്ചു ദിവസമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഇല്ലെങ്കിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ ആഴ്ചയിൽ ആറാക്കി നിജപ്പെടുത്താനിടയായ സാഹചര്യം* വിശദീകരിക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) പ്രൊഫ. വിബ്ഗ്യോർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിലവിലെ പഠന സമയത്തിൽ കുറവ് വരാതെ 6 ദിവസത്തെ പഠന സമയം ശനിയാഴ്ച ഒഴിവാക്കി 5 ദിവസത്തിൽ ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായത്. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹയർ സെക്കൻഡറി സ്കൂളുകളെ അപേക്ഷിച്ച് പഠനസമയം കൂടുതലാണ്. ഇപ്പോൾ പഠനസമയം തുടങ്ങുന്നത് രാവിലെ 8.30-നും അവസാനിക്കുന്നത് വൈകിട്ട് 4.30-നുമാണ്. ആയതിനാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് 5 ദിവസം പര്യാപ്തമല്ലെന്ന് പ്രൊഫ. വിബ്ഗ്യോർ കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടതിനാൽ വി.എച്ച്.എസ്.ഇ-യിൽ നിലവിലുള്ള അദ്ധ്യാപന സമയത്തിൽ കുറവ് വരുത്താതെ ആഴ്ചയിൽ ആറ് ദിവസം അദ്ധ്യായനം നടക്കത്തക്ക രീതിയിൽ തൊഴിൽ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി ഇപ്പോഴത്തെ അവസ്ഥ കൂടുതൽ ഫലപ്രദമാകുംവിധം തുടരണമെന്നാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി. അതിനാലാണ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ ആഴ്ചയിൽ അഞ്ചാക്കി നിജപ്പെടുത്തിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly